# Athmaraksha.org

നൊവേന

## വി.യൗസേപ്പിതാവിനോടുള്ള നൊവേന-St Joseph



### വി.യൗസേപ്പിതാവിനോടുള്ള നൊവേന

#### പ്രാരംഭ പ്രാർത്ഥന

മനുഷ്യവർഗ്ഗത്തിന്റെ നേരെ കൃപയും അനുഗ്രഹവും നിറഞ്ഞ ഈശോയുടെ മാധുര്യമേറുന്ന ദിവ്യഹൃദയമേ, ഞങ്ങൾ അങ്ങയെ ആരാധിച്ചു വണങ്ങുന്നു. അങ്ങു ഞങ്ങൾക്കു നൽകിയിട്ടുള്ള എല്ലാ നൻമകളെക്കുറിച്ചും ഏറ്റം തീക്ഷ്ണമായ സ്നേഹത്തോടെ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. സർവ്വനൻമ സ്വരൂപിയായ അങ്ങയെ ഞങ്ങൾ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നു. ഞങ്ങളുടെ ആവശ്യങ്ങളിൽ, ഞങ്ങളുടെ ദു:ഖാരിഷ്ടതകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്ന് എളിമയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാരുണ്യവാനായ ഈശോയെ, അങ്ങേ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിനെ ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനും പിതാവുമായി ഞങ്ങൾ ഏറ്റുപറയുന്നു. ഉണ്ണി ഈശോയേയും പരിശുദ്ധ കന്യകമറിയത്തെയും സംരക്ഷിക്കുവാൻ ദൈവം തെരഞ്ഞെടുത്ത യൗസേപ്പ പിതാവേ, ഞങ്ങൾ അങ്ങയെ വണങ്ങുന്നു. തിരുക്കുടുംബത്തെ കാത്തുപരിപാലിച്ച അങ്ങ് ഞങ്ങൾ ഓരോരുത്തരേയും ഞങ്ങളുടെ കുടുംബങ്ങളേയും കാത്തുപരിപാലിക്കേണമേ. കരുണാനിധിയായ ദൈവമേ, വിശുദ്ധ യൗസേപ്പിനെപ്പോലെ സത്യത്തിലും നീതിയിലും വിനയത്തിലും വിവേകത്തിലും വളരുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. അനുഗ്രഹദാതാവായ ദൈവമേ, യൗസേപ്പപിതാവു വഴി ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന കാരുണ്യപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ

(അതാതു ദിവസത്തെ പ്രാർത്ഥന ചെല്ലിയതിനുശേഷം സമൂഹ പ്രാർത്ഥന മുതൽ തുടങ്ങുക)

#### ഒന്നാം ദിവസം

മനുഷ്യനായി അവതരിച്ച ദൈവകുമാരന്റെ വളർത്തുപിതാവാകുവാനുള്ള മഹാഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പേ. ഞങ്ങൾ അങ്ങയെ വണങ്ങുന്നു. അങ്ങയെ ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി തെരഞ്ഞെടുക്കുന്നു. പുണ്യപിതാവേ, ഞങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളിലും അങ്ങ് ഞങ്ങൾക്ക് തുണയും സഹായവുമായിരിക്കണമേ. ഈശോയെ പൂർണ്ണമായി അനുകരിച്ച് ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കുവേണ്ടി ജീവിക്കുകയും പ്രർത്തിക്കുകയും ചെയ്യതുപോലെ ഞങ്ങളും ഈശോയ്ക്ക് ഇഷ്ടമുള്ളവരായി

ജീവിക്കുവാനുള്ള അനുഗ്രഹം നൽകണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ വല്ലഭമായ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്കു ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## രണ്ടാം ദിവസം

തിരുക്കുടുംബത്തിന്റെ തലവനായ വിശുദ്ധ യൗസേപ്പേ, പരിശുദ്ധ കന്യകമറിയവും ഈശോമിശിഹായും ഉൾപ്പെട്ട കുടുംബത്തെ അങ്ങ് മാതൃകാപരമായി നയിക്കുകയും പരിപാലിക്കുകയും ചെയ്തുവല്ലോ. പ്രിയ പിതാവേ, ഞങ്ങളുടെ നസ്രത്തിലെ തിരുക്കുടുംബം പോലെ, പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും സഹകരണത്തിലും സമാധാനത്തിലും നിലനിറുത്തണമേ. കുടുംബ ജീവിതത്തിന്റെ ഭദ്രതയും പാവനതയും കളങ്കപ്പെടുത്തുന്ന ശക്തികളിൽ നിന്നും ഞങ്ങളുടെ ഭവനങ്ങളെ അങ്ങ് കാത്തുപിരപാലിക്കണമേ. വത്സല പിതാവേ, എല്ലാ കുടുംബാംഗങ്ങളും തങ്ങളുടെ ചുമതലകൾ വേണ്ടവിധം ഗ്രഹിച്ച് പരസ്പരം സഹകരിച്ച് ഉത്തമ കുടുംബജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം നൽകണമെ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ വല്ലഭമായ മാദ്ധ്യസ്ഥനം വഴി ഞങ്ങൾക്കു ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## മൂന്നാം ദിവസം

തൊഴിലാളികളുടെ പ്രത്യേക മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പേ, അങ്ങ് ഉന്നതകുല ജാതനെങ്കിലും തച്ചന്റെ ജോലി വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ട് തൊഴിലിന്റെ മാഹാത്മ്യം ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നുവല്ലോ. ജോലിയിലുള്ള ഞങ്ങളുടെ ആത്മാർത്ഥതയും സമീപനവുമാണ് ജീവിതം അർത്ഥപൂർണ്ണമാക്കുന്നത് എന്ന് അങ്ങ് ഞങ്ങളെ പഠിപ്പിച്ചുവല്ലോ. ഞങ്ങൾക്ക് ലഭിക്കുന്ന ഉത്തരവാദിത്വങ്ങളും വിശ്വസ്തതാ പൂർവ്വം നിർവ്വഹിച്ചുകൊണ്ട് ജീവിതം ധന്യമാക്കുവാനുള്ള അനുഗ്രഹം പ്രാപിച്ചുതരണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ വല്ലഭമായ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്കു ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## നാലാം ദിവസം

തിരുക്കുടുംബത്തിന്റെ രക്ഷകനായ വിശുദ്ധ യൗസേപ്പേ, അങ്ങ് അനേകം അപകടങ്ങളിൽ നിന്നും ഉണ്ണി ഈശോയെ കാത്തുപരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്തുവല്ലോ. നെറ്റിയിലെ വിയർപ്പു ചിന്തി അപ്പം ഭക്ഷിക്കുക എന്നുള്ള ദൈവികാഹ്വാനത്തെ അങ്ങ് തിരുക്കുടുംബത്തിൽ അന്വർത്ഥമാക്കി. തിരുസഭാ സംരക്ഷകനായ അങ്ങ് ഞങ്ങൾ ഓരോരുത്തരേയും കാത്തു പരിപാലിക്കണമെ. യാതൊരുവിധ അപകടങ്ങളിലും അകപ്പെടാതിരിക്കുവാൻ വേണ്ട അനുഗ്രഹം അങ്ങേ വല്ലഭമുള്ള മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് വാങ്ങിത്തരണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ മാദ്ധ്യസ്ഥം വഴി ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## അഞ്ചാം ദിവസം

പ്രാർത്ഥനാ ജീവിതത്തിന്റെ ഉത്തമ മാതൃകയായ വിശുദ്ധ യൗസേപ്പേ, അങ്ങ് ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ. പ്രാർത്ഥനയിലൂടെ ദൈവകൃപ ജീവിതം നയിച്ചിരുന്ന അങ്ങേയ്ക്ക് ദൈവദൂതൻ വഴി ദൈവം നൽകിയ നിർദ്ദേശങ്ങൾ അങ്ങ് വിശ്വസ്തതാപൂർവ്വം പാലിച്ചുവല്ലോ. ഈശോയോടുകൂടി ഈശോയിൽ, ഈശോയ്ക്കുവേണ്ടി എല്ലാം നിർവ്വഹിച്ചു കൊണ്ട് അങ്ങേ ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയാക്കിമാറ്റിയല്ലോ. വത്സല പിതാവേ, ഞങ്ങളോരോരുത്തരും പ്രാർത്ഥനയിലും ദൈവാരാധനയിലും തീക്ഷ്ണതയുള്ളവരാകുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്ക് പ്രാപിച്ചു തരണമേ. പ്രത്യേകമായി നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രങ്ങൾ.....അങ്ങേ മാദ്ധ്യസ്ഥം വഴി ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## ആറാം ദിവസം

ദരിദ്രരുടെ പരിപാലകനും സംരക്ഷകനുമായ വിശുദ്ധ യൗസേപ്പേ, ആത്മീയവും ലൗകീകവുമായ ദാരിദ്ര്യദു:ഖത്താൽ വലയുന്ന എല്ലാവരെയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യണമെ. ദരിദ്രരിലും നിരാലംബരിലും രോഗികളിലും ഈശോയെ ദർശിക്കുവാനുള്ള അനുഗ്രഹം ലഭിക്കുവാൻ അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ദാരിദ്ര്യവും രോഗവും മൂലം കഷ്ടപ്പെടാതെ ജീവിക്കാൻ ദു:ഖത്തിലും ക്ലേശത്തിലും ഞങ്ങൾ ഓരോരുത്തരേയും അങ്ങു കാത്തുപരിപാലിക്കണമെ.. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ വല്ലഭമുള്ള മാദ്ധ്യസ്ഥ്യം വഴി ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## ഏഴാം ദിവസം

നൽമരണ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പേ, അങ്ങ് ഈശോമിശിഹായുടെ തൃക്കരങ്ങളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സാന്നദ്ധ്യത്തിൽ സമാധാന പൂർണ്ണതയിൽ ഭാഗ്യമരണം പ്രാപിച്ചുവല്ലോ. പാപികളായ ഞങ്ങളുടെ മരണസമയത്തും ഈശോയുടെയും പരിശുദ്ധ മാതാവിന്റെയും അങ്ങയുടെയും സഹായം ഞങ്ങൾക്കുണ്ടാകണമേ. മരണംവരെ ദൈവത്തിനിഷ്ടകരമായി ജീവിക്കുവാൻ ഞങ്ങൾക്കിടയാകേണമേ. പ്രിയ പിതാവേ അങ്ങയെപ്പോലെ ഭാഗ്യമരണം ലഭിക്കത്തക്കവിധം ദൈവചിത്തമനുസരിച്ച് ജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് പ്രാപിച്ചുതരേണമേ. സമാധാന പൂർണ്ണമായ മരണത്തിന് പ്രതിബന്ധമായ പാപത്തേയും പാപസാഹചര്യങ്ങളേയും ലൗകിക വസ്തുക്കളോടുള്ള അമിതമായ പ്രതിപത്തിയേയും വർജ്ജിക്കുവാനുള്ള വിവേകം ഞങ്ങളിൽ ഉളവാക്കേണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ മാദ്ധ്യസ്ഥം വഴി ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1സ്വർഗ്ഗ,1നൻമ 1ത്രി

## എട്ടാം ദിവസം

എളിമയുടെ മാതൃകയായ വിശുദ്ധ യൗസേപ്പേ, ഞങ്ങൾ ഓരോരുത്തരും എളിമയോടുകൂടി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. അങ്ങ് എളിമയുടെ ഉത്തമ ദൃഷ്ടാന്തമാണെന്നും സകല സുകൃതങ്ങളുടെയും അടിസ്ഥാനം എളിമയാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. അഹങ്കാരം എന്ന ദുർഗുണം ഞങ്ങളിൽ നിന്നും അകറ്റണമേ. ഞങ്ങൾ ഓരോരുത്തരും എളിമയോടു കൂടി ദൈവാനുഗ്രഹമുള്ളവരായിത്തീരുവാനും ജീവിക്കുവാനും ഇടയാകണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്കു ലഭിക്കുമാറാകണമെന്ന് ഏറ്റം വലിയ ശരണത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## ഒമ്പതാം ദിവസം

കന്യാവ്രതക്കാരുടെ കാവൽക്കാരനും ദിവ്യജനനിയുടെ വിരക്ത ഭർത്താവുമായ മാർ യൗസേപ്പേ, ആത്മശരീര നൈർമ്മല്യത്തോടുകൂടി ജീവിതം നയിക്കുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്കു പ്രാപിച്ചു തരണമേ. വന്ദ്യപിതാവേ, അങ്ങും അങ്ങേ മണവാട്ടിയായ പരിശുദ്ധ കന്യകാമറിയവും ആത്മശരീരശുദ്ധതയെ വിലമതിക്കുകയും ആത്മശരീര നൈർമ്യലത്തോടെ ജീവിക്കുകയും ചെയ്തുവല്ലോ. കന്യാവ്രതം അനുഷ്ഠിച്ച് വിരക്ത ജീവിതം നയിക്കുന്നവരെ അങ്ങ് പ്രത്യേകം കാത്തു പരിപാലിക്കുകയും ജീവിതാന്ത്യംവരെ നിർമ്മലരായി ജീവിക്കുവാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ.....അങ്ങേ മാദ്ധ്യസ്ഥം വഴി ലഭിക്കുമാറാകണമെന്ന് ഏറ്റം വലിയ ശരണത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ. 1 സ്വർഗ്ഗ. 1 നൻമ 1. ത്രി

## സമൂഹ പ്രാർത്ഥന

കാർമ്മി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

കാർമ്മി: ബാല്യം മുതൽ അതിസാധാരണമായ ഹൃദയശുദ്ധതയോടെ ദൈവഭക്തിയിലും വിവേകത്തിലും വളർന്നുവന്ന വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ ഞങ്ങളും ദൈവഭക്തിയിലും വിവേകത്തിലും വളർന്നു വരുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

കാർമ്മി: കഷ്ടപ്പാടുകളും വേദനകളും സന്തോഷപൂർവ്വം സഹിച്ചുകൊണ്ട് തീക്ഷണമായ പ്രാർത്ഥനയിലൂടെ ദൈവതിരുമുമ്പിൽ സംപ്രീതനായ വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ ഞങ്ങളും തീക്ഷണമായ സ്നേഹവും പ്രാർത്ഥനാരൂപിയുമുള്ളവരായിത്തീരുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

കാർമ്മി: മാതൃകാപരമായി തച്ചന്റെ ജോലി നിർവ്വഹിച്ച് തിരുക്കുടുംബത്തെ പരിപാലിക്കുകയും തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കിത്തരുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് ഞങ്ങളും വിശ്വസ്തതയോടെ

ഞങ്ങളുടെ കർമ്മരംഗങ്ങളിൽ വ്യാപരിക്കുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കമേ

കാർമ്മി: വിരക്ത ജീവിതത്തിലൂടെ കന്യാവ്രതക്കാരുടെ കാവൽക്കാരനെന്ന് അറിയപ്പെടുന്ന വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് ഞങ്ങളും ചാരിത്ര്യശുദ്ധിയിൽ വളർന്നുവരുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

കാർമ്മി: ജീവിതത്തിലുടനീളം എളിമയോടുകൂടിജീവിച്ച് എളിമയുടെ മാതൃകയായിത്തീർന്ന വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് ഞങ്ങളും എളിമയോടുകൂടി ജീവിക്കുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

കാർമ്മി: ഈശോയുടെ തൃക്കരങ്ങളിൽ മാതാവിന്റെ സാമീപ്യത്തിൽ ഇഹലോകവാസം വെടിയുവാനുള്ള മഹാഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് ഞങ്ങൾ ഓരോരുത്തർക്കും ജീവിതാന്ത്യത്തിൽ നല്ല മരണവും സ്വർഗ്ഗഭാഗ്യവും ലഭിക്കുന്നതിനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

## വിശുദ്ധ യൗസേപ്പിതാവിന്റെ ലുത്തീനിയ

കർത്താവേ കനിയണമേ
മിശിഹായേ കനിയണമേ
കർത്താവേ ഞങ്ങളുണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ

സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
നരരക്ഷകനാം മിശിഹായേ
ദിവ്യാനുഗ്രമേകണമേ

ദൈവാത്മാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ

ദൈവകുമാരനു മാതാവാം
വിശുദ്ധയാകും കന്യകതൻ
വിരക്തപതിയാം യൗസേപ്പേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ദാവീദിന്നുടെ സന്തതിയായ്
ഗോത്രപിതാക്കടെ ദീപികയായ്
വന്നവനാം മാർ യൗസേപ്പേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

കന്യകയായും മാതാവിൻ
നിർമ്മലനാം പരിരക്ഷകനേ
മിശിഹായുടെ പരിപാലകരേ

പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ധീരതയുടെ സൂരതാരകമേ
വിശ്വാസികളുടെ ആശ്രയമേ
വിനീതനാകും പുണ്യാത്മാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ദാരിദ്ര്യത്തിൻ സ്നേഹിതനേ
അദ്ധ്വാനത്തിൽ മാതൃകയേ
ആശ്വാസകനാം ശ്രേഷ്ഠപിതാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

സമർപ്പണത്തിൻ ദർപ്പണമേ
കന്യാവ്രത പിരപാലകനേ
കുടുംബപാലക യൗസേപ്പേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

രോഗം മരണഭയങ്ങളിലും
ഉഴലുന്നോരുടെ ആശ്രയമേ
പാവന ചരിതാ, വന്ദ്യഗുരോ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ലോകത്തിൻ പാപങ്ങൾ .....(3)

## സമാപന പ്രാർത്ഥന

സ്വർഗ്ഗീയ സുകൃതങ്ങളാൽ സമ്പന്നമായ തിരുക്കുടുംബത്തിന്റെ നാഥനും നേതാവുമായി ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട മഹാത്മാവായ വിശുദ്ധ യൗസേപ്പേ, ഞങ്ങൾ ഓരോരുത്തരുടെയും കുടുംബങ്ങളിൽ നാഥനും നേതാവുമായി അങ്ങു വാഴണമേ. ഞങ്ങൾ അങ്ങയെ പിതാവും മദ്ധ്യസ്ഥനും മാർഗ്ഗദർശിയുമായി സ്വീകരിക്കുന്നു. ഞങ്ങളുടെ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സമസ്തവും ഞങ്ങളുടെ ജീവനും മരണവും അങ്ങേ വല്ലഭമായ സംരക്ഷണയിൽ ഞങ്ങൾ ഭരമേൽപിക്കുന്നു. ഞങ്ങൾ ഓരോരുത്തരേയും അങ്ങേ മക്കളായി സ്വീകരിക്കേണമേ. ദൈവതിരുമനസ്സിന് അനുയോജ്യമാംവിധം, തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടകരമാംവിധം ജീവിതം നയിക്കുവാൻ വേണ്ട കൃപാവരം ഞങ്ങൾക്കായി പ്രാപിച്ചുതരേണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്കു സാധിച്ചു തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

## സമാപന ഗാനം

(ഈണം.സ്നേഹപിതാവിൻ ഭവനമിതിൽ)
സ്നേഹപിതാവിൻ ഭവനത്തിൽ
വാണരുളും പ്രിയ താതാ നീ
പാപികൾ ഇവരുടെ യാചനകൾ
കൈക്കൊണ്ടാശിഷമേകണമേ

ലില്ലിപ്പുഷ്പവും ഉണ്ണിയേയും
താങ്ങിടും തിരുപ്പാണികളിൽ
ഞങ്ങളെയും നീ താങ്ങീടണേ
വത്സല താതാ എന്നാളും

അന്തിമനേരമടുക്കുമ്പോൾ
ആശ്രയമറ്റു വിളിക്കുമ്പോൾ
സ്നേഹ പിതാവേ വന്നിടണേ

പുത്രനോടൊത്തരികേ നീ

സ്നേഹപിതാവിൻ ഭവനത്തിൽ
വാണരുളും പ്രിയ താതാ, നീ
പാപികൾ ഇവരുടെ യാചനകൾ
കൈക്കൊണ്ടാശിഷമേകണമേ

+++